**‘മഴക്കാടുകളിലെ ഇലകൾക്ക് മരണമില്ല. അവ പൊഴിഞ്ഞു വീണു, വളമായി, വീണ്ടും വൃക്ഷങ്ങളിലൂടെ പുതുനാമ്പുകളായി പുനർജ്ജനിച്ചു കൊണ്ടേയിരിക്കുന്നു.’**





നീലഗിരി മാർട്ടെൻ (Martes Gwatkinsi) പെരിയാറിൽനിന്ന് ഈ ദൃശ്യമെടുത്തത് എൻ.എ.

# നീലഗിരി മാർട്ടെൻ

എൻ.എ. നസീർ

**കഴിഞ്ഞ** ഒരാഴ്ചയായി ഞാനും സുഹൃത്ത് ജലീലും തേക്കടിയിലെ ‘പച്ചക്കാട്’ ഭാഗത്ത് തങ്ങിയിരിക്കുകയാണ്. തേക്കടിയിൽ നിന്നും പുതുതായി എന്തെങ്കിലും ക്യാമറയിലാക്കുവാനായിരുന്നു ആ വാസം. കൂട്ടിന് പെരിയാർ കാട് അറിഞ്ഞ വാച്ചർ കണ്ണനും ഉണ്ട്. പെരിയാറിലെ വന്യജീവികൾ, സസ്യജാലങ്ങൾ എന്നിവയുടെ ശാസ്ത്രീയപേരുകളും പ്രത്യേകതകളും കണ്ണന് മനപാഠം. പക്ഷികൾ, ശലഭങ്ങൾ, ഇഴജന്തുക്കൾ, ചെടികൾ, വൃക്ഷങ്ങൾ എന്നുവേണ്ട പെരിയാറിൽ എത്രയിനം മത്സ്യങ്ങൾ ഉണ്ട് അവയുടെ പേരുകൾ ഒക്കെ കണ്ണൻ പറയും. കണ്ണന്റെ ഈ അറിവിനു മുന്നിൽ പതറിപോകുന്ന ഗവേഷകരെ ഞാൻ കണ്ടിട്ടുണ്ട്. ഏത് പാതിരക്കും ലൈറ്റിടാതെ ബോട്ട്ലാന്റിങ്ങിൽ നിന്നും ഏറ്റവും ദൂരത്തായ താന്നികുടിക്ക് ബോട്ട് ഓടിച്ചുകൊണ്ടുപോകുവാൻ കണ്ണനെ കഴിയൂ. തടാകത്തിലെ ഓരോ കുറ്റികളും പാറകെട്ടുകളും കണ്ണനറിയാം.

കഴിഞ്ഞ ദിവസങ്ങൾ കൊണ്ട് ഞങ്ങൾ പച്ചക്കാട് ഭാഗത്തെ മലനിരകൾ, പുൽമേടുകൾ, ചളപ്പുകൾ, കാടുകൾ ഒക്കെ അലഞ്ഞു തിരിഞ്ഞു. ആനകൾ, കാട്ടുപോത്തുകൾ, നീർപക്ഷികൾ, വേഴാമ്പലുകൾ, നീർനായ് ഒക്കെ എന്റെ ക്യാമറയുടെ മുന്നിൽ വിരുന്നൊരുക്കി.

‘സാറെ ഇന്ന് നമ്മൾക്ക് താന്നികുടിക്ക് പോകാം’ കണ്ണൻ പറഞ്ഞു. ഞങ്ങൾക്ക് ഉത്സാഹമായി. മുല്ലക്കുടി, താന്നിക്കുടി ഭാഗങ്ങൾ എനിക്ക് ഏറെ പ്രിയങ്കരങ്ങളായ വനമേഖലകളാണ്. രണ്ട് വർഷം മുമ്പ് ഞാനും കണ്ണനും ബോട്ട്ലാന്റിങ്ങിൽനിന്നും ആറ് മണിക്കൂർ മുളംച്ചങ്ങാടം തുഴഞ്ഞുപോയി. ഈ യാത്ര ഓർമ്മയിൽ ഇപ്പോഴും ഉണ്ട്. അതായിരുന്നു എന്റെ ആദ്യത്തെ താന്നിക്കുടി യാത്ര.

വൈകുന്നേരം അഞ്ച് മണിയോടെ ഞങ്ങൾ രണ്ട് മുളംച്ചങ്ങാടത്തിലായി പുറപ്പെട്ടു. കാറ്റ് അനുകൂലമായ സമയമാണ് കണ്ണൻ തിരഞ്ഞെടുത്തിരുന്നത്.

സൂര്യാസ്തമയമാകുമ്പോഴേക്കും ഞങ്ങൾ ‘മുല്ലക്കുടി’ ഭാഗത്ത് എത്തിയിരുന്നു. ഇവിടെയാണ് പെരിയാറിന്റെ കൈവഴിയായ ‘മുല്ലയാർ’ പെരിയാറിൽ ചേരുന്നത്. അകലെ കൂടി ഒരു കൂട്ടം ആനകൾ തടാകം നീന്തിപോകുന്നതു കാണുവാനായി. രാത്രി എട്ടുമണിയോടെ ഞങ്ങൾ ‘കുമരികുളം’ മലയുടെ കാൽകീഴിൽ ചങ്ങാടം അടുപ്പിച്ചു. അവിടെ ഒരു മരച്ചോട്ടിൽ ടെന്റ് ഉറപ്പിച്ചു രാത്രി കഴിച്ചുകൂട്ടി. പാതിരാത്രി നിലവെട്ടത്തിലൂടെ ഒരു കൂട്ടം ആനകൾ കൂടി തടാകത്തിലൂടെ നീന്തിപോകുന്ന മനോഹരമായ കാഴ്ച കാണുകയുണ്ടായി. അവയുടെ നീന്തലിൽ പെരി

യാറിലെ ജലം ചന്ദ്രപ്രഭയിൽ വെട്ടിതിളങ്ങി. അവ ആഘോഷപൂർവ്വം നീന്തുകയാണ്.

പിറ്റേന്ന് നാല് മണിയോടെ ഉണർന്നു. നല്ല തണുപ്പാണ്. ചുറ്റുപാട് ഒന്നു വ്യക്തമല്ല. കനത്ത മൂടൽ മഞ്ഞും. കണ്ണൻ ചുള്ളികമ്പുകൾ പെറുക്കി കൂട്ടി കട്ടൻ കാപ്പി ഉണ്ടാക്കി.

മലമുഴക്കി വേഴാമ്പലിന്റെ ശബ്ദം അകലെ എവിടെയൊ. അതെ ഈ പക്ഷി ഏറെ നേരത്തെ ഉണരുന്നതാണ്. (ചാലക്കുടിയിലെ വെള്ളികുളങ്ങര റേഞ്ചിലെ ആനപ്പാന്തം ഭാഗത്ത് വേഴാമ്പലുകളെ തേടി അലയുമ്പോൾ ഇവ പുലർച്ചെ നാലുമണിക്കും മറ്റും വന്ന് ഞങ്ങളെ ഉണർത്താറുണ്ട്).

അഞ്ചുമണിയോടെ ഞങ്ങൾ വീണ്ടും ചങ്ങാടം തുഴയുവാൻ ആരംഭിച്ചു. ഇപ്പോൾ പെരിയാറിനും വീതി കുറഞ്ഞു. മൂടൽമഞ്ഞിലൂടെ ഇരുകരകളിലും നില്ക്കുന്ന മുളംകൂട്ടങ്ങളെ അവ്യക്തമായി കാണാം. മുന്നിലേക്ക് നോക്കിയാൽ മൂടൽ മഞ്ഞല്ലാതെ മറ്റൊരു കാഴ്ചയും ഇല്ല. ഞാൻ പിന്നിലേക്ക് നോക്കി. കുറച്ചകലെയായി ജലീൽ തനിയെ ചങ്ങാടം തുഴഞ്ഞുവരുന്ന കാഴ്ച മനോഹരമായിരുന്നു. മൂടൽമഞ്ഞിലൂടെ അവ്യക്തമായി, ഇരുവശവും മുളംകാടിന്റെ വലിയ നിഴലുകളും. ഏഴ് മണിയോടെ ഞങ്ങൾ താന്നികുടി വാച്ച് ടവറിനു താഴെ ചങ്ങാടം ഉറപ്പിച്ചു. ഇവിടെയാണ് ഞങ്ങളുടെ ബേസ് ക്യാമ്പ്. വാച്ച് ടവ്വറിനുള്ളിൽ എലികൾക്കുള്ള ഇടമായിരുന്നു. അതുകൊണ്ട് അവയെ ശല്യപ്പെടുത്താതെ ഞങ്ങൾ താഴെ തറയിൽ ഞങ്ങളുടെ ഭാണ്ഡകെട്ടുകൾ വെച്ചു. പുഴയിലൊന്നു മുങ്ങി കുളിച്ചപ്പോൾ സകലക്ഷീണവും മാറി. അപ്പോഴേക്കും കുറച്ച് അപ്പുറത്തുള്ള താന്നികുടി ഫോറസ്റ്റ് സ്റ്റേഷനിൽ നിന്നും ടൈഗർ മോണിട്ടറിങ്ങിലുള്ള തമിഴ്നാട്ടുകാരൻ രമേശ് എന്നെ പരിചയപ്പെടുവാനായി എത്തി.

അന്നവിടെ കറങ്ങി നടന്നപ്പോൾ കരടിയേയും, ഓസ്പ്രെ എന്ന പരുന്തിനേയും കിട്ടി. രാത്രിയിൽ ഒരു കൂട്ടം 'വൈൽഡ് ഡോഗുകൾ' ഒരു മാനെ ഓടിച്ചു പുഴയിൽച്ചാടിക്കുന്നതും, അതിന്റെ പ്രാണഭീതിയോടുള്ള കരച്ചിലും കേട്ടു.

## 12-2-2006 അടുത്ത ദിവസം

'കണ്ണാ ഇന്ന് നമ്മൾക്ക് പുതുതായി എന്തെങ്കിലും കിട്ടും അല്ലെ?' ഞാൻ തിരക്കി.

'അതെ സർ ഈ കാട് എപ്പോഴും നമ്മളോട് അങ്ങനെ അല്ലെ?' കണ്ണന്റെ ഉറച്ച വിശ്വാസം.

പലരും പറഞ്ഞു കേട്ടിട്ടുണ്ട്: കാട്ടിൽനിന്നും പ്രതീക്ഷിക്കാതെയായിരിക്കും ചിത്രങ്ങൾ ലഭിക്കുക. എന്നാൽ എനിക്ക് നേരെ തിരിച്ചും. എന്തെങ്കിലും പുതുതായി കിട്ടുന്നതിനു മുമ്പ് ഒരു സൂചന മനസ്സിനുള്ളിൽ ഉണരാറുണ്ട് ചിലപ്പോഴൊക്കെ. പറമ്പികുളം വന്യജീവി സങ്കേതത്തിൽ കരടിയുടേയും, കടുവയുടേയും, വേഴാമ്പലിന്റെയും ചിത്രങ്ങൾ ഇന്ന് കിട്ടും എന്ന് തോന്നി ഇറങ്ങി കാട്ടിലേക്ക് ചെന്നപ്പോൾ അവയൊക്കെ കാട് തരുകയുണ്ടായി. അതെ കാടിന്റെ അനുഗ്രഹമായി തന്നെയാണ് ഈ സൂചനകൾ എന്നു ഞാൻ വിശ്വസിക്കുന്നു.



തേക്കടിയിൽനിന്ന് ഫോട്ടോ-എൻ.എ.നസീർ

ഞങ്ങൾ എട്ട് മണിയോടെ ചങ്ങാടത്തിൽ തൊട്ടു അക്കരെ കടന്നു. രമേശും ഞങ്ങളോടൊപ്പം വന്നു. പെരിയാറിൽ ചേരുന്ന 'ഉമ്മികുപ്പാൻ' തോടിനരുകിലൂടെ കണ്ണൻ ഞങ്ങളെ നയിച്ചു. ●

(തുടരും..)

നടുവിലക്കത്ത് വീട്, പള്ളി പോർട്ട്, എറണാകുളം. naseerart@hotmail.com


## കേരളീയം പ്രത്യേക ലക്കങ്ങൾ പ്രതീക്ഷിക്കുക

● ആയുർവ്വേദത്തിന്റെ ആരോഗ്യം?
ഗസ്റ്റ് എഡിറ്റർ : ഡോ. എം. പ്രസാദ്

● സാമ്പത്തിക പതിപ്പ്-ധനകാര്യസ്ഥാപനങ്ങൾ
ഗസ്റ്റ് എഡിറ്റർ : ഡോ. സെബാസ്റ്റ്യൻ ചിറ്റിലപ്പിള്ളി

● മഴ - അറിവ്, അനുഭവം
ഗസ്റ്റ് എഡിറ്റർ : വി.എം. ഗിരിജ

● കുടുംബം, ലൈംഗികത
ഗസ്റ്റ് എഡിറ്റർ : ഡോ. ജയശ്രീ

● നെൽകൃഷി : വർത്തമാനം, ഭാവി
ഗസ്റ്റ് എഡിറ്റർ : എസ്. ഉഷ

● ടൂറിസം ( സഞ്ചാരം) പ്രത്യേകപതിപ്പ്